# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 02/2020
# 03.05.2020 സൂം മീറ്റിങ്ങ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. പ്രിൻസിപ്പൽ നിയമനം, പൊതു സ്ഥലം മാറ്റം
4. കോവിഡ് ധനസഹായ ഫണ്ട്
5. ബദൽ വിദ്യാഭ്യാസ രീതി, പരീക്ഷ നടത്തിപ്പ്
6. ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപക നിയമനം
7. സമ്മേളന ഫണ്ട്
8. മറ്റ് കാര്യങ്ങൽ

രാവിലെ 11 മണിക്ക് ഓൺലൈൻ വഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു.

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. കെ.കെ. ദാമോദരൻ, ഡോം വിനു ഭാസ്ക്കർ, ഡോ. സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. എം. എ. അസ്ഗർ, ഡോ. പ്രിൻസ്, ഡോ. മാണിക്യരാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുനിൽ വി. ടി., ഡോ. റോസ്നികസ്, ഡോ. വിനു ഭാസ്ക്കർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സെനോ ജോസ്, ശ്രീ. രഞ്ജിത് മോഹൻ, ഡോ. സുനിത ഗണേഷ്, ഡോ. ആർ. പ്രഗാഷ്, ഡോ. ഷജില ബീവി, ഡോ. എം. എസ്. മുരളി, ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ബേബി ഷീബ, ശ്രീ. രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്, ഡോ. റിജുലാൽ ജി., ഡോ. ബാലസുബ്രഹ്മണ്യൻ, ശ്രീ. സജിത്ത് കുമാർ പി., ഡോ. ഷാനവാസ് പി. എച്, ഡോ. രാജു. എം. സി., ശ്രീ. സോബിൻ വർഗീസ്, ശ്രീ. ശശി സി. ടി., ഡോ. പ്രമോദ് സി.

**അനുശോചനം**

കോവിഡ് മഹാമാരിയിൽ അകപ്പെട്ടു നമ്മെ വിട്ടു പോയ അനേകായിരം മനുഷ്യർ, ഇക്കാലയളവിൽ നമ്മെ വിട്ടു പോയ കലാ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സംസ്ഥാന സമ്മേളനത്തിന് ശേഷം കോവിഡിന്റെ പശ്ചാത്തലത്തിൽ നമുക്ക് ഇത് വരെ യോഗം ചേരാൻ സാധിച്ചില്ല. ഏപ്രിൽ മാസം ഒന്നാം തീയതി പി.ജി.

വെയ്റ്റേജും വർക്ക് ലോഡും സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് തികച്ചും അധ്യാപകവിരുദ്ധമായ ഉത്തരവിറക്കുകയുണ്ടായി. ഇതിനെതിരെ സംഘടന ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് നിവേദനം നല്കുകയുണ്ടായി. ഇത്തരം നടപടികളിൽ നിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പു പിന്തിരിയണമെന്ന് കാണിച്ച് പത്രപ്രസ്താവനയും നല്കുകയുണ്ടായി. വിവിധ സംഘടനകളുടെ എതിർപ്പിനെ തുടർന്ന് ഈ വിഷയം പുനഃപരിശോധനക്ക് വേണ്ടി ഫയൽ വീണ്ടും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഫിനാൻസിലേക്ക് പോയിരിക്കുകയാണ്.

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കാര്യം പറയുമ്പോൾ; സംസ്ഥാനത്തെ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം മാസങ്ങളായി മുടങ്ങിയിരിക്കുകയാണ്. ഈ മാസം അവസാനത്തോടെ നാൽപ്പതഞ്ചോളം കോളേജുകളിൽ പ്രിൻസിപ്പൽ തസ്തിക ഒഴിവ് വരും. ഫെബ്രുവരി മാസം ഡി.പി.സി. നടക്കേണ്ടതായിരുന്നു. എന്നാൽ അന്ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ രണ്ട് വരി ഉത്തരവിന്റെ മറവിൽ പ്രിൻസിപ്പൽ നിയമനനടപടികൾ നിർത്തിവയ്ക്കുകയും ഏപ്രിൽ 24നു സീനിയോറിറ്റി തന്നെ അട്ടിമറിക്കുന്ന രീതിയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സർക്കുലർ പ്രകാരം പതിനഞ്ച് വർഷം സർവ്വീസും, പി.എച്.ഡിയുമുള്ള മുഴുവൻ അധ്യാപകരിൽ നിന്നും പ്രിൻസിപ്പൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായി. ഇതിനെതിരെ സംഘടന അതിശക്തമായി രംഗത്ത് വരികയും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് കത്ത് നല്കുകയും ഈ നടപടികൾ നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും ഈ നടപടികൾ നിർത്തവയ്കാനും, കോവിഡ് പ്രതിസന്ധി മാറിയ ശേഷം സംഘടനയുമായി ചർച്ച ചെയ്ത് സീനിയോറിറ്റി അനുസരിച്ച് മാത്രമേ പ്രിൻസിപ്പൽ നിയമനം നടത്തുകയുള്ളു എന്ന് ഉറപ്പ് പറഞ്ഞിട്ടുണ്ട്.

പൊതു സ്ഥലംമാറ്റാത്തെ സംബന്ധിച്ച പറയുമ്പോൾ രണ്ട് തവണ ഹോം സ്റ്റേഷൻ മാറ്റാമായിരുന്നു. എന്നാൽ 2018ലെ സംസ്ഥാന സർക്കാരിന്റെ പൊതു സ്ഥലമാറ്റ മാനദണ്ഡം അനുസരിച്ച് ഇപ്പോൾ ഒരു തവണ മാത്രമേ ഹോം സ്റ്റേഷൻ മാറ്റാൻ സാധിക്കുകയുള്ളൂ എന്ന് ഉത്തരവ് വന്നിട്ടുണ്ട്. ഇതിനെതിരെ സംഘടന കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് പരാതി നല്കുകയും മാർച്ച് മാസം 19നു ഉന്നതവിദ്യാഭ്യാസ വകുപ്പു മന്ത്രി കഴിഞ്ഞ വർഷം ട്രാൻസ്ഫർ നടത്തിയ രീതിയിൽ തന്നെ ഇക്കൊല്ലവും നടത്തണമെന്ന് നിർദേശം നല്കുകയുമുണ്ടായി. എന്നാൽ ഈ നിർദേശം അവഗണിച്ച് കൊണ്ടാണ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുന്നോട്ട് പോകുന്നത്. ഇതിനെതിരെ സംഘടന ശക്തമായി രംഗത്ത് ഉണ്ട്. ഈവക കാര്യങ്ങൾ നാളെ സംസ്ഥാന നേതൃത്വം നേരിട്ട് ഡയറക്ടറെ കണ്ട് വേണ്ട ഇടപെടലുകൾ നടത്തുന്നതാണ്.

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട 16.04.2020നു ഡോ. ബി. ഇക്ബാൽ അധ്യക്ഷനായ സമിതി രൂപീകരിക്കുക ഉണ്ടായി. ഈ സമിതിക്ക് മുമ്പാകെ സംഘടന നിലപാട് അറിയിച്ച് കൊണ്ട് കത്ത് നൽകിയിരുന്നു. സംഘടനയുടെ നിലപാട് കൂടി ഉൾക്കൊള്ളിച്ച റിപ്പോർട്ട് ആണ് ഡോ. ബി. ഇക്ബാൽ സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്.

സംസ്ഥാന സമ്മേളനഫണ്ട് ഇനിയും അടച്ച് തീർക്കാനുള്ള ജില്ലകൾ ആ ഫണ്ട് ശേഖരിച്ച് എത്രയും വേഗം സംഘടനയുടെ അക്കൗണ്ടിൽ ഇടേണ്ടതാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ആകെ താറുമാറായിരിക്കുന്ന ഈ സാഹചര്യം മുൻനിർത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്ന അധ്യാപകർ എന്ന നിലയിൽ ഒരു ഫണ്ട് ശേഖരണം നമ്മൾ നടത്തേണ്ടതുണ്ട്. അതും ഇന്നത്തെ യോഗം ചർച്ച ചെയ്യണം.

ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപക നിയമനരീതിയുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പു ഇറക്കിയ അധ്യാപക വിരുദ്ധമായ നടപടികൾ പിൻവലിക്കാൻ വേണ്ട ഇടപെടലും നാം നടത്തേണ്ടതുണ്ട്.

തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**തീരുമാനങ്ങൾ**

1. പരീക്ഷനടത്തിപ്പ്, ഭാവി വിദ്യാഭ്യാസ നടപടിക്രമങ്ങൾ എന്നിവ തീരുമാനിക്കുന്നതിന് വേണ്ടി നാല് സംസ്ഥാന സെക്രട്ടറിമാർ അംഗങ്ങളായും, അക്കാദമിക്ക് കമ്മിറ്റി കൺവീനർ അധ്യക്ഷനുമായ ഒരു സമിതിക്ക് രൂപം നല്കി. ഈ സമിതി മെയ് 7നു റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.
2. പ്രിൻസിപ്പൽ നിയമനം സീനിയോറിറ്റി മറികടന്ന് യാതൊരു കാരണവശാലും നടത്താൻ സംഘടന അനുവദിക്കുന്നതല്ല. അതിനായുള്ള എല്ലാ ഇടപെടലുകളും സംഘടന നടത്തുന്നതായിരിക്കും.
3. പൊതു സ്ഥലം മാറ്റത്തിൽ രണ്ട് തവണ ഹോം സ്റ്റേഷൻ മാറ്റാവുന്ന രീതിയിൽ മാത്രമേ ട്രാൻസ്ഫർ നടത്താൻ സംഘടന അനുവദിക്കുകയുള്ളു. അതിന് വേണ്ട ഇടപെടലുകൾ സംഘടന നടത്തും.
4. ഇനിയും 320 അധ്യാപകരുടെ പ്ലെയ്സ്മെന്റ് ഉത്തരവുകൾ ഡയറക്ടർ ഒപ്പിടാനുണ്ട്. ഇതിന് വേണ്ട ഇടപെടലും സംഘടന വരും ദിവസങ്ങളിൽ ചെയ്യുന്നതായിരിക്കും.
5. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുന്ന ഘട്ടത്തിൽ ഓരോ അധ്യാപകരിൽ നിന്നും ആയിരം (Rs.1000/-) രൂപയിൽ കുറയാത്ത തുക ശേഖരിച്ച് മെയ് 10നു മുമ്പ് യൂണിറ്റ് സെക്രട്ടറിമാർ ജില്ലാ സെക്രട്ടറിമാരെ ഏൽപ്പിക്കുകയും, അങ്ങിനെ 12 ജില്ലാ സെക്രട്ടറിമാരും അത് ട്രഷററുടെ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും തീരുമാനം എടുത്തു.
6. ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സംഘടന ശക്തമായ നിലപാട് കൈക്കൊള്ളും.
7. സമ്മേളന ഫണ്ട് എത്രയും വേഗം പൂർത്തിയാക്കി ഈ മാസം തന്നെ ട്രഷററുടെ അക്കൗണ്ടിൽ ഇടണം.

യോഗം ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

03.05.2020